**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

**<u>ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട്</u>**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 286

13-03-2018-ൽ മറുപടിക്ക്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. പി.കെ.ബഷീർ**<br>**ശ്രീ. മഞ്ഞളാംകുഴി അലി**<br>**ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. എൻ. ഷംസുദ്ദീൻ** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടിന്റെ വിനിയോഗം കാര്യ ക്ഷമമല്ലായെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ രണ്ടു വർഷത്തെ പ്രസ്തുത ഫണ്ടിന്റെ വിനിയോഗം എത്ര ശതമാനമാണെന്ന് അറിയിക്കുമോ; | (എ) | 2015-16 വർഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നിർവ്വഹണം നടത്തിയിരുന്നത് 243 പ്രവൃത്തികളാണ്. ഇതിൽ ടി വർഷം 30 പ്രവൃത്തികൾ പൂർത്തീകരിച്ചു. 217.73 കോടി രൂപയുടെ ആകെ ആകെ അടങ്കലുള്ള പ്രവൃത്തികളിൽ 57.21 കോടി രൂപ (26.28%) ചിലവായി. 2016-17-ൽ 249 പ്രവൃത്തികളിൽ 39 പ്രവൃത്തികൾ പൂർത്തീകരിച്ചു. 263.67 കോടി ആകെ അടങ്കലുള്ള പ്രവൃത്തികളിൽ 72.69 കോടി രൂപ (27.57%) ചെലവായി. |
| (ബി) | പ്രസ്തുത ഫണ്ട് വിനിയോഗം പരമാവധി സാധ്യമാകാത്തതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ : | (ബി) | വിലയിരുത്തിയിട്ടുണ്ട്. പ്രസ്തുത ഫണ്ടിന്റെ വിനിയോഗം പൂർണ്ണമായി സാദ്ധ്യമാകാത്തതിന്റെ പ്രധാന കാരണം ആവശ്യമായ സ്ഥലം ലഭ്യമാകാത്തതാണ്. സ്ഥലത്തിന്റെ ലഭ്യത ഉറപ്പുവരുത്താതെയാണ് തദ്ദേശ സ്ഥാപനങ്ങളിൽ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതിക്കും സാങ്കേതികാനുമതിക്കും നൽകിയിരുന്നത്. പ്രവൃത്തി ആരംഭിക്കാൻ ശ്രമിക്കുമ്പോൾ തർക്കങ്ങളും പരാതികളും ഉണ്ടാവുക, സ്ഥലം വിട്ടുകൊടുക്കാതിരിക്കൽ, കോടതി നടപടികളിലേക്ക് നീങ്ങുക മുതലായ പ്രതിസന്ധികളെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വരുന്നു. ഇതിനു ഒരു പരിഹാരമായി 2018-19 സാമ്പത്തിക വർഷം മുതൽ പദ്ധതികൾ നിർദ്ദേശിക്കുമ്പോൾ സ്ഥല ലഭ്യത പൂർണ്ണമായും ഉറപ്പുവരുത്തിയ ശേഷം മാത്രമേ ഭരണാനുമതിക്കായി സർക്കാരിലേക്ക് ശുപാർശ ചെയ്യാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വളരെ ചെറിയ പ്രവൃത്തികൾ ത്രിതല പഞ്ചായത്തുകൾ |

| | | | |
|---|---|---|---|
| | | | ഏറ്റെടുക്കുന്നതുമൂലം നടപ്പാക്കാൻ പ്രയാസം നേരിടുന്നതും ഫണ്ട് വിനിയോഗത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഇതിനു ഒരു പരിഹാരമായി 2018-19 സാമ്പത്തിക വർഷം വലിയ പദ്ധതികൾ ഏറ്റെടുക്കാൻ പാടുള്ളു എന്ന് തീരുമാനിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതിപ്രകാരം 2018-19-ൽ എതെല്ലാം തരത്തിലുള്ള പ്രവൃത്തികളാണ് എറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്; ഫണ്ടിന്റെ പരമാവധി വിനിയോഗത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ ? | (സി) | നബാർഡ് ആർ.ഐ.ഡി.എഫ് നിഷ്കർഷിച്ചിട്ടുള്ളതിൻ പ്രകാരം കാർഷികാനുബന്ധ മേഖലയിൽ ചെറുകിട ജലസേചനം, ഭൂസംരക്ഷണം, നീർത്തട വികസനം, സാമൂഹ്യ ജലസേചന സംവിധാനങ്ങൾ, ആധുനിക അറവുശാലകൾ, ഫിഷിംഗ് ഹാർബറുകൾ, വെള്ളപ്പൊക്ക നിയന്ത്രണ പദ്ധതികൾ, മൃഗ സംരക്ഷണം, ഗ്രാമീണ വൈജ്ഞാനിക കേന്ദ്രങ്ങൾ, വിവര സാങ്കേതിക പശ്ചാത്തല സൗകര്യമൊരുക്കൽ തുടങ്ങിയ പദ്ധതികളും സാമൂഹ്യ മേഖലയിൽ കുടിവെള്ളം, പൊതുജനാരോഗ്യ കേന്ദ്രങ്ങൾ, സാനിട്ടറി കോംപ്ലക്സുകൾ, അംഗൻവാടി സെന്ററുകൾ, സ്കൂളുകൾക്ക് പശ്ചാത്തല സൗകര്യം, പെൺകുട്ടികൾക്ക് വേണ്ടിയുള്ള ടോയിലറ്റ് ബ്ലോക്കുകൾ, പേ ആന്റ് യൂസ് ടോയിലറ്റുകൾ മുതലായ പദ്ധതികളും ഗ്രാമീണ ഗതാഗത മേഖലയിൽ ഗ്രാമീണ റോഡുകളും (ആറ് മീറ്റർ വീതി വേണം) പാലങ്ങളും നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.<br>ഫണ്ടിന്റെ വിനിയോഗം പരമാവധി ഉറപ്പുവരുത്തുന്നതിനായി പ്രവൃത്തി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തി തയ്യാറാക്കുന്ന ഡി.പി.ആർ-ന്റെ അടിസ്ഥാനത്തിൽ മാത്രമേ പുതിയ പ്രോജക്ടുകൾ അനുവദിക്കൂ എന്ന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ പദ്ധതിയുടെ പ്രത്യേക അവലോകനം നടത്തി നിർവ്വഹണത്തിലുണ്ടാകുന്ന തടസ്സങ്ങൾ നീക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം നടപടികളിലൂടെ 2018-19 സാമ്പത്തിക വർഷം ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് |

സെക്ഷൻ ഓഫീസർ